പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 425 | 09.06.2015 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ

ചോദ്യം

ശ്രീ.ബെന്നി ബെഹനാൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ. ഹൈബി ഈഡൻ

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ടി 2011 ഓഗസ്റ്റ് മാസത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചു. ഈ പദ്ധതിക്ക് 2012 ജൂലൈ മാസം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുകയുണ്ടായി. തുടർന്ന് പദ്ധതി നടപ്പാക്കുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി. 2013 ജൂൺ മാസം പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 5181.79 കോടി രൂപയാണ് പദ്ധതി നടപ്പാക്കാനായി കണക്കാക്കിയിട്ടുളളത്. പദ്ധതിയുടെ ചെലവിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം കൂടാതെ ഫ്രഞ്ച് ധനകാര്യ ഏജൻസിയായ, ഏജൻസ് ഫ്രാൻകൈസ് ഡി ഡവലപ്പ്മെന്റ് (AFD) യിൽ നിന്നും കാനറാ ബാങ്കിൽ നിന്നും കൂടാതെ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി സംസ്ഥാന സർക്കാർ വഹിക്കേണ്ടതായ നിശ്ചിത തുകയിൽ 366 കോടി രൂപ ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയായി ലഭ്യമാക്കി. പദ്ധതിക്കാവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ 99% ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. സിവിൽ സംബന്ധമായ നിർമ്മാണ ജോലികൾ 51% പൂർത്തിയായിക്കഴിഞ്ഞു. |
| (ബി) | പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുളളത് ; | (ബി) | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ബോർഡ് സംവിധാനം കൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ചെയർമാനും, കമ്പനിയുടെ മുഴുവൻ സമയ ഡയറക്ടർമാരും, ഡി.എം.ആർ.സി.യുടെ ഡയറക്ടറും അംഗങ്ങളായുളള രണ്ടു ഉപസമിതികളും നിലവിലുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുളള ഒരു ഹൈ പവർ കമ്മിറ്റി, പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. മാത്രവുമല്ല അടിയ്ക്കടി മുഖ്യമന്ത്രിയും, ഊർജ്ജവും റെയിൽവേയും വകുപ്പുമന്ത്രിയും പദ്ധതിപ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സമയ ബന്ധിതമായി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കാവശ്യമായ തുക എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക വിഹിതം യഥാക്രമം 1002.23 കോടി, 1911.56 കോടി രൂപയുമാണ്. ദീർഘകാല വായ്പയായി 2170 കോടി രൂപ ഫ്രഞ്ച് വികസന ഏജൻസിയിൽ നിന്നും കാനറാ ബാങ്കിൽ നിന്നും ലഭ്യമാക്കുന്നതാണ്. കൂടാതെ വസ്തു വികസനത്തിൽ നിന്നും 98 കോടി രൂപയും ലഭ്യമാക്കുന്നതാണ്. |
| (ഡി) | പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | ആലുവ മുതൽ മഹാരാജാസ് കോളേജ് ജംഗ്ഷൻ വരെയുള്ള 18 കിലോമീറ്റർ അടുത്ത വർഷം (2016) ജൂണിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. മഹാരാജാസ് കോളേജ് ജംഗ്ഷൻ മുതൽ പേട്ട വരെയുള്ള 7.253 കി.മീ. 2017 ജൂണിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ